98

ഭാരത സർക്കാർ

നിയമ മന്ത്രാലയം

सत्यमेव जयते

# സ്വർണ്ണബോണ്ടുകൾ (ബാദ്ധ്യതകൾ ഇല്ലായ്മയും ഒഴിവാക്കലുകളും) ആക്റ്റ്, 1993

(1993-ലെ 25-ാം നമ്പർ ആക്റ്റ്)

(2010 സെപ്റ്റംബർ 1-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE GOLD BONDS (IMMUNITIES AND EXEMPTIONS) ACT, 1993

(ACT No. 25 OF 1993)

(As on 1st September, 2010)

വില: 27 രൂപ

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് തിരുവനന്തപുരം
സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്.

2010

## ആമുഖം

2010 സെപ്റ്റംബർ 1-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള സ്വർണ്ണബോണ്ടുകൾ (ബാദ്ധ്യതകൾ ഇല്ലായ്മയും ഒഴിവാക്കലുകളും) ആക്റ്റ്, 1993 (1993-ലെ 25-ാം നമ്പർ ആക്റ്റ്)-ന്റെ മലയാളത്തിലുള്ള ആധികാരിക പാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2010 നവംബർ 24-ാം തീയതിയിലെ ഭാരത അസാധാരണ ഗസറ്റ് XI-ാം ഭാഗം, 1-ാം വകുപ്പ്, 1-ാം വാല്യം, 10-ാം നമ്പരായി 1 മുതൽ 4 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് ഭാരതത്തിന്റെ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അപ്രകാരം പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

**വി. കെ. ഭാസിൻ,**

*ഭാരതസർക്കാരിന്റെ സെക്രട്ടറി.*

## PREFACE

This edition of the Gold Bonds (Immunities and Exemptions) Act, 1993 (Act No. 25 of 1993) as on 1st September, 2010 contains the authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section 1, Vol. I, No. 10 dated 24th November, 2010 on pages 1 to 4.

This authorised translation was published under the authority of the President of India under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

V. K. BHASIN,

*Secretary to the Government of India.*

GCPT. 3/1278/2011/DTP

# സ്വർണ്ണബോണ്ടുകൾ (ബാദ്ധ്യതകൾ ഇല്ലായ്മയും ഒഴിവാക്കലുകളും) ആക്റ്റ്, 1993

(1993-ലെ 25-ാം നമ്പർ ആക്ററ്)

## ഉള്ളടക്കം


| | വകുപ്പുകൾ | | പേജ് |
|---|---|---|---|
| 1. | ചുരുക്കപ്പേരും പ്രാരംഭവും | .. | 1 |
| 2. | നിർവ്വചനങ്ങൾ | .. | 1 |
| 3. | സ്വർണ്ണബോണ്ട് പദ്ധതി | .. | 2 |
| 4. | ബാദ്ധ്യതകൾ ഇല്ലായ്മ | .. | 2 |
| 5. | ചില സംഗതികളിൽ സ്വർണ്ണബോണ്ടുകൾ കണക്കിലെടുക്കേണ്ടതില്ലെന്ന് | .. | 2 |
| 6. | റദ്ദാക്കലും ഒഴിവാക്കലും | .. | 3 |


GCPT. 3/1278/2011/DTP

# സ്വർണ്ണബോണ്ടുകൾ (ബാദ്ധ്യതകൾ ഇല്ലായ്മയും ഒഴിവാക്കലുകളും) ആക്റ്റ്, 1993

(1993-ലെ 25-ാം നമ്പർ ആക്ററ്)

[1993 ഏപ്രിൽ 2]

സ്വർണ്ണബോണ്ടുകളുടെ വരിക്കാർക്ക് ചില ബാദ്ധ്യതകൾ ഇല്ലായ്മയും അങ്ങനെയുള്ള ബോണ്ടുകളെ സംബന്ധിച്ച് നേരിട്ടുള്ള നികുതികളിൽ നിന്നും ചില ഒഴിവാക്കലുകൾക്കും അവയുമായി ബന്ധപ്പെട്ടതോ അവയ്ക്ക് സാന്ദർഭികമായതോ ആയ കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരതത്തിൽ താമസിക്കുന്നവരുടെ വൃഥാ വച്ചിരിക്കുന്ന സ്വർണ്ണവിഭവങ്ങൾ സമാഹരിക്കുന്നതിനു വേണ്ടി അങ്ങനെയുള്ള താമസക്കാർക്ക് സ്വർണ്ണബോണ്ടുകളിൽ വരി നൽകുന്നത് സാദ്ധ്യമാക്കുന്നതിന് ചില ബാദ്ധ്യതകൾ ഇല്ലായ്മയും ഒഴിവാക്കലുകളും വ്യവസ്ഥ ചെയ്യുന്നത് ഉചിതമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ നാല്പത്തിനാലാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയുംപ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് സ്വർണ്ണബോണ്ടുകൾ (ബാദ്ധ്യതകൾ ഇല്ലായ്മയും ഒഴിവാക്കലുകളും) ആക്റ്റ്, 1993 എന്ന് പേര് പറയാവുന്നതാണ്.

(2) ഇത് 1993 ജനുവരി 31-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മററു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "സ്വർണ്ണബോണ്ടുകൾ" എന്നാൽ 3-ാം വകുപ്പിൻകീഴിൽ കേന്ദ്രസർക്കാർ തയ്യാറാക്കിയ പദ്ധതിക്കനുസൃതമായി ആ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്വർണ്ണബോണ്ടുകൾ, 1998 എന്നർത്ഥമാകുന്നു;

(ഖ) "വരിക്കാരൻ" എന്നാൽ സ്വർണ്ണബോണ്ടുകളിലേക്ക് തുടക്കത്തിൽ വരി നൽകിയിട്ടുള്ള ഭാരതത്തിലെ ഒരു താമസക്കാരനോ താമസക്കാരോ ഒരു വ്യക്തിയോ ഒരു ഹിന്ദു അവിഭക്ത കുടുംബമോ ഒരു ട്രസ്റ്റിലെ ട്രസ്റ്റികളോ ഒരു ഫേമോ ഒരു കമ്പനിയോ എന്നർത്ഥമാകുന്നു.

വിശദീകരണം.—ഈ ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്ക്, "വ്യക്തി" എന്ന പദത്തിൽ,—

(i) ആ ആളുടെ നിയമപ്രകാരമുള്ള അനന്തരാവകാശികളും; അല്ലെങ്കിൽ

(ii) ഒരു ഹിന്ദു അവിഭക്ത കുടുംബത്തിലെ അംഗങ്ങൾക്കിടയിൽ ഭാഗം നടത്തിയിട്ടുള്ളിടത്ത് അങ്ങനെയുള്ള കുടുംബത്തിലെ സ്വർണ്ണബോണ്ടുകളിൽ ഒരു ഓഹരിയുള്ള ഓരോ അംഗവും,

ഉൾപ്പെടുന്നതുമാകുന്നു.

(ഗ) ഈ ആക്റ്റിൽ ഉപയോഗിച്ചിട്ടുള്ളതും എന്നാൽ നിർവ്വചിച്ചിട്ടില്ലാത്തതും ആദായ നികുതി ആക്റ്റ്, 1961 (1961-ലെ 43)-ൽ നിർവ്വചിച്ചിട്ടുള്ളതുമായ മറ്റെല്ലാ വാക്കുകൾക്കും പദങ്ങൾക്കും ആ ആക്റ്റിൽ അവയ്ക്ക് യഥാക്രമം നൽകിയിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

3. <u>സ്വർണ്ണബോണ്ട് പദ്ധതി.</u>—(1) കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിലോ അതിനുശേഷമോ എന്നാൽ നിർദ്ദിഷ്ട തീയതിക്കുമുമ്പ് സ്വർണ്ണബോണ്ട്, 1998-ലേക്ക് വരി നൽകുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കാവുന്നതാണ്.

<u>വിശദീകരണം.</u>—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക്, "നിർദ്ദിഷ്ട തീയതി" എന്നാൽ 1993 മാർച്ച് 31-ാം തീയതിയോ കേന്ദ്ര സർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി ഇതിലേക്ക് നിർദ്ദേശിക്കാവുന്ന പിന്നീടുള്ള മററു തീയതിയോ എന്നർത്ഥമാകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ തയ്യാറാക്കപ്പെട്ട പദ്ധതി, അതു തയ്യാറാക്കിയതിനുശേഷം കഴിയുന്നത്ര വേഗത്തിൽ പാർലമെന്റിന്റെ ഇരുസഭകളുടെയും മുമ്പാകെ വയ്ക്കേണ്ടതാണ്.

4. <u>ബാദ്ധ്യതകൾ ഇല്ലായ്മ.</u>—(1) സ്വത്ത് നികുതി ആക്റ്റ്, 1957 (1957-ലെ 27)-ലോ ഇഷ്ടദാന നികുതി ആക്റ്റ്, 1958 (1958-ലെ 18)-ലോ ആദായ നികുതി ആക്റ്റ്, 1961 (1961-ലെ 43)-ലോ കസ്റ്റംസ് ആക്റ്റ്, 1962 (1962-ലെ 52)-ലോ വിദേശ നാണയവിനിമയം ക്രമപ്പെടുത്തൽ ആക്റ്റ്, 1973 (1973-ലെ 46)-ലോ വിദേശ സംഭാവന (ക്രമപ്പെടുത്തൽ) ആക്റ്റ്, 1976 (1976-ലെ 49)-ലോ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(ക) സ്വർണ്ണബോണ്ടുകൾക്കുവേണ്ടി നൽകിയിട്ടുള്ള സ്വർണ്ണത്തിന്റെ സ്വഭാവവും ആർജ്ജിച്ച മാർഗ്ഗവും, ആ സ്വർണ്ണം ആർജ്ജിച്ചത് ഏത് പണം ഉപയോഗിച്ചാണോ അതിന്റെ മാർഗ്ഗവും ഉൾപ്പെടെ, ആവശ്യം എന്തുതന്നെ ആയിരുന്നാലും, വെളിപ്പെടുത്താൻ ഏതൊരു വരിക്കാര നോടും ആവശ്യപ്പെടാൻ പാടില്ലാത്തതും;

(ഖ) മുൻപറഞ്ഞ ഏതെങ്കിലും ആക്റ്റുകളിൻ കീഴിൽ ഏതെങ്കിലും വരിക്കാരനെതിരെ അങ്ങനെയുള്ള വരിക്കാരൻ സ്വർണ്ണബോണ്ടുകളുടെ ഉടമസ്ഥനായിരിക്കുന്നു എന്ന കാരണത്താൽ, യാതൊരു അന്വേഷണ വിചാരണയോ അന്വേഷണമോ ആരംഭിക്കുവാൻ പാടില്ലാത്തതും;

(ഗ) ഏതെങ്കിലും വരിക്കാരൻ സ്വർണ്ണബോണ്ടുകളുടെ ഉടമസ്ഥനാണെന്നുള്ള വസ്തുത മുൻപറഞ്ഞ ഏതെങ്കിലും ആക്റ്റുകളിൻ കീഴിലുള്ള ഏതെങ്കിലും നടപടികളുടെ ആവശ്യങ്ങൾക്ക് തെളിവായി അനുവദിക്കാൻ പാടില്ലാത്തതും,

ആകുന്നു:

എന്നാൽ ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുൻപ് മുൻപറഞ്ഞ ഏതെങ്കിലും ആക്റ്റുകളിലെ വ്യവസ്ഥകൾക്കനുസൃതമായി വരിക്കാരൻ നൽകിയ സ്വർണ്ണത്തെ സംബന്ധിച്ച് ഏതെങ്കിലും നടപടികൾ ആരംഭിച്ചിട്ടുള്ളിടത്ത്, ബാധകമാകുന്നതല്ല.

(2) ഇൻഡ്യൻ ശിക്ഷാ നിയമ സംഹിത (1860-ലെ 45)-ലെ IX-ാം അദ്ധ്യായത്തിന്റെയോ XVII-ാം അദ്ധ്യായത്തിന്റെയോ മയക്കുമരുന്നുകളും മാനസികാവസ്ഥയെ ബാധിക്കുന്ന പദാർത്ഥങ്ങളും ആക്റ്റ്, 1985 (1985-ലെ 61)-ന്റെയോ ഭീകര പ്രവർത്തനങ്ങളും വിഘടന പ്രവർത്തനങ്ങളും തടയൽ ആക്റ്റ്, 1987 (1987-ലെ 28)-ന്റെയോ അഴിമതി നിവാരണ ആക്റ്റ്, 1988 (1988-ലെ 49)-ന്റെയോ കീഴിൽ ശിക്ഷിക്കാവുന്ന ഏതെങ്കിലും കുറ്റത്തിനുള്ള പ്രോസിക്യൂഷൻ സംബന്ധിച്ചോ ഏതെങ്കിലും സിവിൽ ബാദ്ധ്യത പ്രാവർത്തികമാക്കുന്ന ആവശ്യത്തിലേക്കോ (1)-ാം ഉപവകുപ്പിലെ യാതൊന്നും ബാധകമാകുന്നതല്ല.

5. <u>ചില സംഗതികളിൽ സ്വർണ്ണബോണ്ടുകൾ കണക്കിലെടുക്കേണ്ടതില്ലെന്ന്.</u>—4-ാം വകുപ്പിലെ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെ,—

(ക) (i) സ്വർണ്ണബോണ്ടുകളിൽ നിന്നും വരിക്കാരന് ലഭിക്കുന്ന ഏതെങ്കിലും പലിശയ്ക്കും;

(ii) വരിക്കാരന് ഉളവാകുന്ന ഏതെങ്കിലും ദീർഘകാല മൂലധന ലാഭത്തിനും,

ആദായനികുതി ആക്റ്റ്, 1961 (1961-ലെ 43)-ന്റെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല.

(ഖ) വരിക്കാരൻ, ഒരു വ്യക്തിയായിരിക്കെ, തന്റെ ഭാര്യക്കോ ഭർത്താവിനോ കുട്ടിക്കോ മാതാപിതാക്കൾക്കോ സ്വർണ്ണബോണ്ടുകൾ ഇഷ്ടദാനം നൽകുന്നിടത്ത്, ഇഷ്ടദാന നികുതി ആക്റ്റ്, 1958 (1958-ലെ 18)-ന്റെ വ്യവസ്ഥകൾ ബാധകമാകുന്നതല്ല.

6. റദ്ദാക്കലും ഒഴിവാക്കലും.—(1) സ്വർണ്ണബോണ്ടുകൾ (ബാദ്ധ്യതകൾ ഇല്ലായ്മയും ഒഴിവാക്കലുകളും) ഓർഡിനൻസ്, 1993 (1993-ലെ 22-ാം ഓർഡിനൻസ്) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റിന്റെ തൽസ്ഥാനീയ വ്യവസ്ഥകളിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാകുന്നു.

# THE GOLD BONDS (IMMUNITIES AND EXEMPTIONS) ACT, 1993

(Act No. 25 of 1993)

## സ്വർണ്ണബോണ്ടുകൾ (ബാദ്ധ്യതകൾ ഇല്ലായ്മയും ഒഴിവാക്കലുകളും) ആക്റ്റ്, 1993

(1993-ലെ 25-ാം നമ്പർ ആക്റ്റ്)

## GLOSSARY

| | | |
|---|---|---|
| 1. Immunities | ബാദ്ധ്യതകൾ ഇല്ലായ്മ | Heading and various sections |
| 2. Inadmissible | അനുവദിക്കുവാൻ പാടില്ലാത്ത | Section 4(1)(c) |